പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2946

28/01/2014-ൽ
മറുപടിയ്ക്ക്

## 'ഫ്ളെയർ' പദ്ധതി

**ചോദ്യം**

ശ്രീ. പി.സി.വിഷ്ണുനാഥ് :
ശ്രീ.വി.പി.സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ.ഹൈബി ഈഡൻ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ഫ്ളെയർ' പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കാമോ ; | (എ) | ഫോസ്റ്ററിംഗ് ലിംഗേജസ് ഇൻ അക്കാദമിക് ഇന്നവേഷൻ ആൻഡ് റിസർച്ച് (FLAIR) എന്ന പദ്ധതിക്ക് പ്രധാനമായും രണ്ട് ലക്ഷ്യങ്ങളുണ്ട്.<br>(1) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും, സർവ്വകലാശാല വകുപ്പുകളിലും പുതുതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപന പരിശീലനവും, അദ്ധ്യാപനത്തിലും, റിസർച്ചിലും മികച്ച ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും നൽകുക. ആരംഭവർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകൾക്കും, അഞ്ച് സർവ്വകലാശാലകൾക്കും പരിമിതപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ അദ്ധ്യാപന സർവ്വീസിൽ പ്രവേശിച്ചവരും, ഇരുപതു വർഷമെങ്കിലും സർവ്വീസ് ബാക്കിയുള്ളവരുമായ അധ്യാപകരെയാണ് FLAIR പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.<br>(2) അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും, ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുക. |
| (ബി) | കോളേജുകളിലെ യുവ അദ്ധ്യാപകർക്ക് ഗുരുകുല സമ്പ്രദായപ്രകാരം പ്രമുഖ അദ്ധ്യാപകരെ നിരന്തരം പിൻതുടർന്ന് പരിശീലനം നേടാൻ ഉതകുന്ന എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | FLAIR ഇന്റേൺഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ / അന്തർദ്ദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസുകൾ വീക്ഷിക്കാനുള്ള അവസരം, അവരുടെ ഗവേഷണ ലബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവ ലഭിക്കുന്നു. |
| (സി) | പരിശീലനം നൽകുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള FLAIR ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി സ്പെഷ്യൽ ഓഫീസറുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. FLAIR പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറെയും, മൂന്ന് പ്രോഗ്രാം മാനേജർമാരെയും നിയമിച്ചിട്ടുണ്ട്. അക്കാദമിക് പരിശീലനം രൂപപ്പെടുത്താനും, അത് നൽകാനുമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഒരു മുൻ പ്രൊഫസർ നേതൃത്വം നൽകുന്ന ഒൻപതുപേരടങ്ങുന്ന ഒരു പരിശീലക സംഘം പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ